## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3272 | | 13.03.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ദേശീയ നാഗരിക ഉപജീവന മിഷൻ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.എം. സ്വരാജ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ ദേശീയ നാഗരിക ഉപജീവന മിഷൻ (എൻ.യു.എൽ.എം.) പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് നിലവിലുള്ള 93 നഗരങ്ങളിലും നഗര ഉപജീവന ദൗത്യം (എൻയുഎൽഎം) നടപ്പിലാക്കി വരുന്നു. |
| (ബി) | പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | പൊതുലക്ഷ്യം:- സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബങ്ങളിലെ സ്ത്രീകൾ, തൊഴിൽരഹിതരായ യുവതി-യുവാക്കൾ, അസംഘടിത മേഖലയിലെ തൊഴിലാളികൾ, ഭവനരഹിതർ, തെരുവ് കച്ചവടക്കാർ തുടങ്ങി നഗരദരിദ്രരിലെ എല്ലാ വിഭാഗങ്ങളുടെയും പ്രശ്നങ്ങൾ എൻയുഎൽഎം പദ്ധതി അഭിസംബോധന ചെയ്യുന്നു.<br>പ്രത്യേക ലക്ഷ്യങ്ങൾ:-<br>1. നഗരപ്രദേശങ്ങളിലെ ദരിദ്രരെ അവരുടേതായ കൂട്ടായ്മകൾ രൂപീകരിച്ച് സ്ഥാപനവൽകരിക്കുവാൻ സഹായിക്കുക.<br>2. സ്വയം തൊഴിൽ ചെയ്യുവാനും, ശമ്പളാടിസ്ഥാനത്തിൽ ജോലി ലഭിക്കുന്നതിനുള്ള സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനുമായി നഗരത്തിലെ പാവപ്പെട്ടവരുടെ തൊഴിൽ വൈദഗ്ദ്ധ്യം ഉയർത്തുന്നതിനുള്ള നൈപുണ്യ പരിശീലനം നൽകുക.<br>3. നഗരങ്ങളിലെ ദരിദ്രർക്ക് ലഭിച്ചിരിക്കുന്ന നൈപുണ്യത്തിനു പരിശീലനം പ്രാദേശിക പരിസ്ഥിതിയ്ക്ക് അനുയോജ്യമായ വിധത്തിൽ ഒറ്റക്കും, കൂട്ടായുമുള്ള ലാഭകരമായ തൊഴിൽ സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് സഹായം നൽകുക.<br>4. നഗരത്തിലെ ഭവനരഹിതരായ പാവപ്പെട്ടവർക്ക് ശുദ്ധജലം, ശുചിത്വം, ഭദ്രത, സുരക്ഷിതത്വം എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ പാർപ്പിടങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക.<br>5. നഗരത്തിലെ തെരുവു കച്ചവടക്കാരുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുക.<br>6. നഗര ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്നതും സുസ്ഥിരമായി നിലനിൽക്കുന്നതുമായ നവീനരീതി |

| | | | |
|---|---|---|---|
| | | | ശാസ്ത്രങ്ങൾ ചിട്ടപ്പെടുത്താനും നടപ്പിലാക്കി കാണിക്കുകയും ചെയ്യുക. |
| (സി) | പദ്ധതിയുടെ നോഡൽ ഏജൻസി ഏതെന്ന് വ്യക്തമാക്കാമോ; | (സി) | ദേശീയ നഗര ജീവനോപാധി ദൗത്യം കേരളത്തിൽ നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസി കുടുംബശ്രീയാണ്. |
| (ഡി) | അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ഇവരുടെ ഉല്പന്നങ്ങൾക്ക് വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് പദ്ധതിയിൻ കീഴിൽ വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | എൻയുഎൽഎം പദ്ധതി പ്രകാരമുള്ള ഉത്പന്നങ്ങൾ നിലവിൽ കുടുംബശ്രീ മാസചന്തകളിലൂടെയും മറ്റു വിപണന മേഖലകളിലൂടെയും വിതരണം നടത്തുന്നതിനാവശ്യമായ പിന്തുണാ സഹായം ലഭ്യമാക്കും. എൻയുഎൽഎം വിഭാവനം ചെയ്യുന്ന നഗര ഉപജീവന കേന്ദ്രങ്ങൾ ആരംഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഉത്പന്നങ്ങൾ നഗര ഉപജീവന കേന്ദ്രങ്ങളിലൂടെ വിപണനം ചെയ്യാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ